"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — പൊന്നാനി താലൂക്ക് ഓണം വാരാഘോഷം - താലൂക്ക് പരിധിയിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്**

സ.ഉ.(സാധാ) നം.1732/2023/LSGD തീയതി,തിരുവനന്തപുരം, 24-08-2023

---

പരാമർശം:- 10-08-2023 തീയതിയിലെ L93/PNI/2023 നമ്പർ കത്ത്.

**ഉത്തരവ്**

ഓണം വാരാഘോഷത്തിന്റെ ഭാഗമായി പൊന്നാനി താലൂക്കിലെ ബിയ്യം കായലിൽ സംഘടിപ്പിച്ചിരിക്കുന്ന വള്ളംകളി മത്സരം ഉൾപ്പടെയുള്ള ഓണം വാരാഘോഷ പരിപാടികളുടെ ചെലവിലേയ്ക്ക് പൊന്നാനി താലൂക്കിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിക്കാൻ യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊന്നാനി താലൂക്ക് ഓണം വാരാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന ബിയ്യം കായൽ വള്ളംകളി മത്സരം ഉൾപ്പെടെയുള്ള ആഘോഷ പരിപാടികൾക്കായി പൊന്നാനി താലൂക്കിലെ ഓരോ പഞ്ചായത്തുകളിൽ നിന്നും ഓരോ ലക്ഷം രൂപയിൽ കവിയാതെയും പൊന്നാനി മുനിസിപ്പാലിറ്റിയിൽ നിന്നും 3 ലക്ഷം രൂപയിൽ കവിയാതെയും തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ സ്റ്റേറ്റ് ആഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി, തിരുവനന്തപുരം.
ഡയറക്ടർ, എൽ എസ് ജി ഡി(അർബൻ), തിരുവനന്തപുരം.
ഡയറക്ടർ, എൽ എസ് ജി ഡി(റൂറൽ),തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
തഹസിൽദാർ, പൊന്നാനി.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)

സെക്രട്ടറി, പൊന്നാനി മുനിസിപ്പാലിറ്റി.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ബഹു. പൊന്നാനി എം എൽ എ യുടെ പി.എ യ്ക്ക്